പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2792 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ക്ക് പ്രതി വർഷം കിട്ടുന്ന തുക

ചോദ്യം

ശ്രീ. വി.ടി. ബൽറാം

" പി.ടി. തോമസ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് യാത്രാക്കൂലി ഇനത്തിലല്ലാതെ ഉള്ള വരുമാനമാർഗങ്ങൾ എന്തെല്ലാം; ഓരോ ഇനത്തിലും പ്രതി വർഷം കിട്ടുന്ന തുക എത്ര; | (എ) | കെ.എസ്.ആർ.ടി.സിയിൽ യാത്രക്കൂലി ഇനത്തിലല്ലാതെ ടിക്കറ്റ് ഇതര വരുമാനമായി കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള വാണിജ്യ സമുച്ചയങ്ങളിൽ നിന്നുള്ള വരുമാനവും സ്റ്റാളുകൾ/കാന്റീൻ/ കൊറിയർ & പാഴ്സൽ സർവീസ്/ ബാങ്ക് എ.ടിഎം/ കോഫി വെൻഡിങ്ങ് മെഷീൻ എന്നിവ പ്രവത്തിക്കുന്നതിലൂടെയുള്ള വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ബസുകളിലും ബസ് സ്റ്റേഷനുകളിലും കരാർ നൽകിയതിലൂടെയും അധിക വരുമാനം ലഭിച്ചുവരുന്നു. കെ.എസ്.ആർ.ടി.സിയുടെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന എൽ.ആർ. സ്റ്റാൾ/കാന്റീൻ/മറ്റു സ്ഥാപനങ്ങളിൽ നിന്നും വാടകയിനത്തിൽ പ്രതിമാസം 789043/- രൂപയും പരസ്യ ഇനത്തിൽ പ്രതിമാസം 7714050/- രൂപയും ബാങ്ക് എ.ടി.എം പ്രവത്തിച്ചുവരുന്ന വകയിൽ 941177 രൂപയും കോഫി വെന്റിംഗ് പ്രവർത്തിച്ച് വരുന്ന വകയിൽ 605000 രൂപയും കൊറിയർ & പാഴ്സൽ സർവീസ് ഇനത്തിൽ 200000/- രൂപയും കൂടാതെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും |

<table>
<tr>
<td></td>
<td></td>
<td></td>
<td>
പ്രതിമാസ ലൈസൻസ് ഫീസായി 1518969/- രൂപയും ലഭിച്ചു വരുന്നു.<br><br>
കെ.എസ്.ആർ.ടി.സിയിൽ ടിക്കറ്റേതര വരുമാനത്തിൽ സ്ക്രാപ്പ് ബസ്സുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. സ്ക്രാപ്പ് സാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ നികുതികൾ ഉൾപ്പെടെ ആകെ പ്രതി വർഷം ലഭ്യമായ തുക ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>YEAR</th><th>AMOUNT</th></tr>
<tr><td>2006-2007</td><td>69931869</td></tr>
<tr><td>2007-2008</td><td>50312998</td></tr>
<tr><td>2008-2009</td><td>38578554</td></tr>
<tr><td>2009-2010</td><td>60141984</td></tr>
<tr><td>2010-2011</td><td>87847117</td></tr>
<tr><td>2011-2012</td><td>81196657</td></tr>
<tr><td>2012-2013</td><td>100876121</td></tr>
<tr><td>2013-2014</td><td>137420982</td></tr>
<tr><td>2014-2015</td><td>121729608</td></tr>
<tr><td>2015-2016</td><td>60864659</td></tr>
<tr><td>2016-2017</td><td>64847166</td></tr>
</table>
<br>
കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ് ഫലങ്ങൾ പൊതു ലേലം ചെയ്തതിൽ നിന്ന് 01.04.2016 മുതൽ 31.03.2017 വരെ ആകെ 1,97,993/- രൂപ ലഭിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(ബി)</td>
<td>കെ.എസ്.ആർ.ടി. സി. ബസ്സ് സ്റ്റാന്റുകളിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും നിലവിൽ പ്രതിവർഷം ലഭിക്കുന്ന തുക സ്ഥലം തിരിച്ച്</td>
<td>(ബി)</td>
<td>കെ.എസ്.ആർ.ടി.സിയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും പ്രതി വർഷം ലഭിച്ചു വരുന്ന ലൈസൻസ് ഫീസ് / വാടക തുക ചുവടെ ചേർക്കുന്നു.</td>
</tr>
</table>

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഈ ഷോപ്പിംഗ് കോംപ്ളക്സുകളിൽ ഇനിയും വാടകയ്ക്ക് നല്കാത്തവ ഏതെല്ലാം; | | **കാട്ടാക്കട** 3298284/- രൂപ<br>**നെയ്യാറ്റിൻകര** 508092/- രൂപ<br>**നെടുമങ്ങാട്** 836028/- രൂപ<br>**പയ്യന്നൂർ** 2828412/- രൂപ<br>**കണ്ണൂർ** 1740000/- രൂപ<br>**കൊട്ടാരക്കര** 3742152/- രൂപ<br>**കാസർഗോഡ്** 6888000/- രൂപ<br>കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി. യുമായി ചേർന്ന് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിൽ കടമുറികൾ ഭാഗീകമായി വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്നും ലഭിക്കുന്ന വരുമാനവും, ഇതരവരുമാനവും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഒഴിഞ്ഞു കിടക്കുന്ന ഷോപ്പിംഗ് കോംപ്ളക്സുകൾ എത്രയും വേഗം വാടകയ്ക്ക് നൽകി വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലമ്പൂർ, തൊടുപുഴ, എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികളുടെ ലേലം/ടെണ്ടർ നടപടികൾ 2017 മെയ് മാസം നടത്തപ്പെട്ടുന്നതും ബാക്കിയുള്ളവ പണി തീരുന്ന മുറയ്ക്ക് നടത്തപെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

(signature)

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## വാടക

| ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പേര് | പ്രതിമാസ വാടക വരുമാനം (ചെലവ് കുറയ്ക്കാതെ) |
|---|---|
| അങ്കമാലി | 19,22,954/- രൂപ |
| തിരുവല്ല | 92,154/- രൂപ |
| തിരുവനന്തപുരം (തമ്പാനൂർ) | 5,35,077/- രൂപ |

## പേ & പാർക്ക് (വാഹന പാർക്കിംഗ്)

| ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പേര് | പ്രതിമാസ പേ & പാർക്ക് വരുമാനം (ചെലവ് കുറയ്ക്കാതെ) |
|---|---|
| അങ്കമാലി | 2,05,050/- രൂപ |
| തിരുവല്ല | 1,02,351/- രൂപ |
| തിരുവനന്തപുരം (തമ്പാനൂർ) | 1,11,111/- രൂപ |
| കോഴിക്കോട് | 4,80,440/- രൂപ |

## പേ & യൂസ് ടോയ് ലറ്റ്

| ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പേര് | പ്രതിമാസ പേ & യൂസ് ടോയ് ലറ്റ് വരുമാനം (ചെലവ് കുറയ്ക്കാതെ) |
|---|---|
| അങ്കമാലി | 90,000/- രൂപ |
| തിരുവല്ല | 2,27,500/- രൂപ |
| തിരുവനന്തപുരം (തമ്പാനൂർ) | 1,87,600/- രൂപ |
| കോഴിക്കോട് | 1,19,000/- രൂപ |

സെക്ഷൻ ഓഫീസർ